# സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്)**

വിഷയം :- കുടുംബശ്രീ - ആർ.കെ.ഡി.പി പദ്ധതി- പ്രളയബാധിതർക്ക് വൾണറിബിലിറ്റി റിഡക്ഷൻ ഫണ്ട് വിതരണം ചെയ്യുന്നത്- സംബന്ധിച്ച്.

പരാമർശം :- GO Ms 28/2019/PEA dated 15/11/2019

**<u>ഉത്തരവ് നം .1237/C/2014/KSHO 12.03.2020</u>**

2018, 2019 സാമ്പത്തിക വർഷങ്ങളിലെ പ്രളയത്തിൽ നാശനഷ്ടം നേരിട്ടഅംഗങ്ങളുള്ളതും ആർ.കെ.എൽ.എസ് വായ്പ എടുത്തിട്ടുള്ളതുമായ അയൽക്കൂട്ടങ്ങൾക്ക് ഇടക്കാല ആശ്വാസം എന്ന നിലയ്ക്ക് ആർ.കെ.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി വൾണറിബിലിറ്റി റിഡക്ഷൻ ഫണ്ട് നല്കാൻ ഡി പി ആർ സമർപ്പിച്ചതിനു സൂചന പ്രകാരം കുടുംബശ്രീക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്
വൾണറിബിലിറ്റി റിഡക്ഷൻ ഫണ്ട്വിതരണം ചെയ്യേണ്ട മാർഗനിർദേശം ചുവടെ ചേർക്കുന്നു.

1. ആർ.കെ.എൽ.എസ് വായ്പ എടുത്ത അയൽക്കൂട്ടങ്ങൾക്ക് ഉടൻ മറ്റൊരു വായ്പ ലഭിക്കാത്ത സാഹചര്യത്തിൽ അടിയന്തിര ഘട്ടങ്ങളിൽ ആന്തരിക വായ്പാ പ്രവർത്തനത്തിനായാണ് വൾണറിബിലിറ്റി റിഡക്ഷൻ ഫണ്ട് നൽകുന്നത്, ആയതിനാൽ ഈ തുക അയൽക്കൂട്ട കോർപ്പസിൽ കൂട്ടിചേർക്കേണ്ടതാണ് . വീതിച്ചെടുക്കാൻ പാടുള്ളതല്ല.
2. പ്രത്യേക സാഹചര്യത്തിൽ ആർ.കെ.എൽ.എസ് വായ്പ എടുത്ത അയൽക്കൂട്ടാംഗങ്ങൾക്ക് വായ്പ തിരിച്ചടവിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ ഇതിൽ നിന്നും അടിയന്തിര വായ്പ അനുവദിക്കേണ്ടതാണ്. മറ്റു അംഗങ്ങൾക്ക് ആന്തരിക വായ്പ നൽകാനും ഇൗ തുക വിനിയോഗിക്കാവുന്നതാണ്. അയൽക്കൂട്ട അംഗം ഈ തുക തിരിച്ചടയ്ക്കുന്നു എന്ന് അയൽക്കൂട്ടം ഉറപ്പു വരുത്തേണ്ടതാണ്
3. ഇൗ ഫണ്ട് അയൽക്കൂട്ടം തിരിച്ചടയ്ക്കേണ്ടതില്ല. പക്ഷെ ഏതെങ്കിലും അയൽക്കൂട്ടം പിരിഞ്ഞു പോകുന്ന സാഹചര്യത്തിൽ ഈ തുക സി. ഡി. എസ് വഴി ജില്ലാമിഷന് തിരിച്ചടയ്ക്കേണ്ടതാണ്
4. ആർ.കെ.എൽ.എസ് വായ്പ എടുത്ത അയൽക്കൂട്ടാംഗങ്ങളുടെ എണ്ണത്തിനനുസരിച്ചാണ് വി. ആർ. എഫ്. തുക തീരുമാനിച്ചിരിക്കുന്നത്. ഒന്നിലധികം തവണയായി ആർ.കെ.എൽ.എസ് വായ്പ ലഭിച്ച അയൽക്കൂട്ടങ്ങൾക്ക് ഈ എല്ലാ തവണയിലും ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആകെ എണ്ണത്തിനനുസരിച്ചാണ് വി. ആർ. എഫ്. നൽകേണ്ടത്.
5. ആർ.കെ.എൽ.എസ് വായ്പ തിരിച്ചടവ് കൃത്യമാണെന്ന് ജില്ലാമിഷൻ ഉറപ്പു വരുത്തിയ ശേഷം മാത്രമേ വി. ആർ. എഫ്. നൽകാവൂ.
6. വി. ആർ. എഫ്. തുക തുകയുടെ പരിധി:-

2018 ലേയും 2019 ലേയും പ്രളയം ബാധിച്ച അയൽക്കൂട്ടങ്ങളിൽ ആർ.കെ.എൽ.എസ് വായ്പ എടുത്ത അയൽക്കൂട്ടാംഗങ്ങളുടെ എണ്ണത്തിനനുസരിച്ചു നൽകേണ്ട വി. ആർ. എഫ്. തുകയുടെ പരിധി

ചുവടെ ചേർക്കുന്നു ഇത് പ്രകാരമുള്ള വി. ആർ. എഫ്. തുകയാണ് ഈ വിഭാഗത്തിൽ പെട്ട അയൽക്കൂട്ടങ്ങൾക് നൽകേണ്ടത്. എ. ഡി. എസ് ഉം സി. ഡി. എസ് ഉം അയൽക്കൂട്ടങ്ങൾ രണ്ടു തവണയും പ്രളയം ബാധിച്ചവരാണെന്നു സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്

| ആർ.കെ.എൽ.എസ് വായ്പഗുണഭോക്താക്കളുടെ എണ്ണം | 1-5 | 6-10 | 11-15 | 16-20 |
|---|---|---|---|---|
| നൽകേണ്ട വി. ആർ. എഫ്. തുക (രൂപയിൽ ) | 10000 | 15000 | 20000 | 25000 |

2018 ലെ മാത്രം പ്രളയം ബാധിച്ചിട്ടുള്ള ആർ.കെ.എൽ.എസ് വായ്പയുള്ള അയൽക്കൂട്ടങ്ങൾക്ക് ആർ.കെ.എൽ.എസ് വായ്പ എടുത്ത അയൽക്കൂട്ടാംഗങ്ങളുടെ എണ്ണത്തിനനുസരിച്ചു നൽകേണ്ട വി. ആർ. എഫ്. തുകയുടെ പരിധി ചുവടെ ചേർക്കുന്നു ഇത് പ്രകാരമുള്ള വി. ആർ. എഫ്. തുകയാണ് ഈ വിഭാഗത്തിൽ പെട്ട അയൽക്കൂട്ടങ്ങൾക് നൽകേണ്ടത്

| ആർ.കെ.എൽ.എസ് വായ്പഗുണഭോക്താക്കളുടെ എണ്ണം | 1-5 | 6-10 | 11-15 | 16-20 |
|---|---|---|---|---|
| നൽകേണ്ട വി. ആർ. എഫ്. തുക (രൂപയിൽ ) | 2500 | 5000 | 10000 | 20000 |

ഇപ്രകാരം രണ്ടു വിഭാഗത്തിൽ പെട്ട അയൽക്കൂട്ടങ്ങൾക്കും വി. ആർ. എഫ്. നൽകുന്നതിനായി ജില്ലകൾക്ക് അനുവദിച്ചിരിക്കുന്ന ഫണ്ടിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | അനുവദിച്ചിരിക്കുന്ന തുക |
|---|---|
| തിരുവനന്തപുരം | 385000 |
| കൊല്ലം | 477500 |
| പത്തനംതിട്ട | 14192500 |
| ആലപ്പുഴ | 63880000 |
| കോട്ടയം | 29145000 |
| ഇടുക്കി | 1247500 |
| എറണാകുളം | 52302500 |
| തൃശ്ശൂർ | 64985000 |
| പാലക്കാട് | 4785000 |
| മലപ്പുറം | 11617500 |
| കോഴിക്കോട് | 8700000 |
| വയനാട് | 8270000 |
| കണ്ണൂർ | 50000 |

| | |
|---|---|
| ആകെ | 260037500 |

ആർ.കെ.എൽ.എസ് വായ്പ എടുത്തിട്ടുള്ള അയൽക്കൂട്ടങ്ങളുടെ വിവരം, അതിൽ 2019 ലെ പ്രളയം ബാധിച്ചവയുടെ വിവരം എന്നിവ ജില്ലയിൽ നേരത്തെ തന്നെ ശേഖരിച്ചു വച്ചിരിക്കുന്നതിനാൽ മേൽ തുക ലഭ്യമായി അഞ്ചു ദിവസത്തിനുള്ളിൽ മാർഗ്ഗനിർദേശമനുസരിച് വിതരണം ചെയ്തു വിനിയോഗ സാക്ഷ്യപത്രം ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. ജില്ലകളിലെ ഗുണഭോക്താക്കളുടെ എണ്ണം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്

(ഒപ്പ്)
S.Harikishore IAS
എക്സിക്യൂട്ടീവ് ഡയറക്ടർ

The document is digitally approved. Hence signature is not needed.

### District wise allocation of fund

| District | No of beneficiaries | | | | | | | | Total Amount |
|---|---|---|---|---|---|---|---|---|---|
| | Flood Affected Twice | | | | Affected once | | | | |
| | 1-5 | 6-10 | 11-15 | 16-20 | 1-5 | 6-10 | 11-15 | 16-20 | |
| Thiruvananthapuram | 0 | 0 | 0 | 0 | 96 | 27 | 1 | 0 | 385000 |
| Kollam | 0 | 0 | 0 | 0 | 57 | 33 | 9 | 4 | 477500 |
| Pathanamthitta | 56 | 390 | 1 | 0 | 647 | 555 | 245 | 46 | 14192500 |
| Alappuzha | 323 | 1573 | 771 | 218 | 588 | 1313 | 537 | 139 | 63880000 |
| Kottayam | 290 | 419 | 307 | 138 | 256 | 402 | 426 | 173 | 29145000 |
| Idukki | 4 | 2 | 0 | 0 | 419 | 26 | 0 | 0 | 1247500 |
| Ernakulam | 299 | 738 | 250 | 55 | 2051 | 3098 | 819 | 153 | 52302500 |
| Thrissur | 1477 | 1464 | 492 | 139 | 1670 | 991 | 347 | 117 | 64985000 |
| Palakkad | 296 | 72 | 7 | 0 | 214 | 14 | 0 | 0 | 4785000 |
| Malappuram | 673 | 227 | 37 | 9 | 143 | 20 | 6 | 0 | 11617500 |
| Kozhikode | 451 | 133 | 47 | 39 | 96 | 8 | 0 | 0 | 8700000 |
| Wayanad | 464 | 133 | 20 | 2 | 254 | 48 | 23 | 4 | 8270000 |
| Kannur | 2 | 0 | 0 | 0 | 12 | 0 | 0 | 0 | 50000 |
| Total | 4335 | 5151 | 1932 | 600 | 6503 | 6535 | 2413 | 636 | 260037500 |